01/01/22

DESPATCHED
On. 22-1-22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 10*(7)/2014*/***എസ്.ഐ.സി.*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എസ്. ശ്രീകുമാർ,
ചിറ്റൂർ മേലേതിൽ,
ഭഗവതിക്കും പടിഞ്ഞാറ്,
കീരുക്കുഴി (പി.ഒ),
പത്തനംതിട്ട - 689 502. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (ഭരണ വിഭാഗം),
ജില്ലാ പോലീസ് ഓഫീസ്,
ഇടുക്കി.

2. അപ്പീൽ അധികാരി,
ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് ഓഫീസ്,
ഇടുക്കി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.06.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.07.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.08.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.09.2013 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.12.2013 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01.01.2014 |
| ഹിയറിംഗ് നടന്ന തീയതി | 18.12.2021 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എസ്. ശ്രീകുമാർ 26.12.2013 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 01.01.2014 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 10(7)/2014/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 25.06.2013 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. ഇടുക്കി DPO-യിൽ 2013 ജൂൺ 15-ാം തീയതി ഹാജരുണ്ടായിരുന്ന എല്ലാ ഗവ. സർവന്റിന്റെയും (DPC മുതൽ തൂപ്പുക്കാർ വരെ) പേരും തസ്തികയും ഓരോരുത്തരും എത്രമണി മുതൽ എത്ര മണി വരെ ഹാജരുണ്ടായിരുന്നു എന്നും

   1 (a) ഇടുക്കി DPC ശ്രീ. ജോർജ് വർഗ്ഗീസിനെ സ്ഥലം മാറ്റികൊണ്ട് DPO-യിൽ ലഭിച്ച ഉത്തരവിന്റെ SPIO സാക്ഷ്യപ്പെടുത്തിയ ഫോട്ടോ കോപ്പി തരണമെന്നും
2. ശ്രീ. ജോർജ് വർഗ്ഗീസ് ഇടുക്കി DPC ആയി എന്നുമുതൽ എന്നുവരെ സേവനമനുഷ്ടിച്ചു എന്ന വിവരവും
3. പുതിയ ഇടുക്കി DPC യുടെ നിയമന ഉത്തരവിന്റെ SPIO സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പകർപ്പും, ടിയാൻ ഇടുക്കി DPO-യിൽ ചാർജ്ജെടുത്ത തീയതിയും നൽകണമെന്നും
4. ശ്രീമതി. പി.ഡി. പ്രമീള 2784, 2012-2013, 2013-2014 സാമ്പത്തിക വർഷം ലൈറ്റ് ഡ്യൂട്ടി അനുവദിച്ചു കിട്ടുന്നതിന് DPO-യിൽ ഹാജരാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ എണ്ണവും, അവയുടെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പകർപ്പുകളും നൽകണമെന്നും മറ്റുമായി 16 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 26.07.2013-ന് ഒന്നാം എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. 08.08.2013 തീയതിയിലെ ഹർജിക്കാരന്റെ അപ്പീലിന്മേൽ 26.09.2013-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 25.02.2014 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് ടി ഓഫീസിൽ നിന്നും G2(a)29717/13-ID നമ്പറായി 26.09.2013-ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും, ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ അപേക്ഷകന് നൽകുകയും സമയബന്ധിതമായി നൽകുവാൻ മറ്റു ഓഫീസുകളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 30/12/2021-ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമ നമ്പർ 5, 12, 13, 14, 15, 16 എന്നിവയ്ക്കുള്ള മറുപടി അപേക്ഷകനു ലഭ്യമാക്കിയതിനാൽ ഈ അപ്പീൽ ഹർജിയിൽ തുടർനടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഇന്നേദിവസം **2022 ജനുവരി 01-ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV